**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6112** 09-07-2013-ൽ **മറുപടിയ്ക്ക്**

**വനം വകുപ്പിൽ സുരക്ഷാ ജോലികൾക്കായി ആദിവാസികളുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) | |
| (എ) | വനം വകുപ്പിൽ വിവിധ സുരക്ഷാജോലികൾക്കായി ആദിവാസി സമുദായത്തിൽപ്പെട്ട എത്രപേരെ നിയമിച്ചിട്ടുണ്ട്; | (എ) | 876 പേരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |
| (ബി) | ഇവരുടെ ശമ്പളം എത്രയാണ്; ആയത് എല്ലാ മാസവും എപ്പോഴാണ് നൽകിവരുന്നത്; വിശദമാക്കുമോ; | (ബി) | ഇവർക്ക് ശമ്പളമല്ല ദിവസവേതനമാണ് നൽകി വരുന്നത്. ആയതിൻെറ നിരക്ക് ചുവടെ പറയും പ്രകാരമാണ്.<br>ഓർഡിനറി ഏരിയ 290/- രൂപയും വി. ഡി. എ. - യും<br>ഡിഫിക്കൽറ്റ് ഏരിയ 334/- രൂപയും വി. ഡി. എ. - യും |
| (സി) | ഇവരുടെ ശമ്പളത്തിൽ കുടിശ്ശിക നൽകുവാനുണ്ടെങ്കിൽ ആയതിൻെറ വിശദാംശം ലഭ്യമാക്കുമോ; | (സി) | 2013 - 14 സാമ്പത്തിക വർഷത്തിൽ മൂന്നാർ ഡിവിഷനിലെ 8 വാച്ചർമാരുടെ മൂന്ന് മാസത്തെ വേതനവും, സൈലന്റ് വാലി ഡിവിഷനിലെ വാച്ചർമാരുടെ മെയ്, ജൂൺ മാസത്തെ വേതനവും, പാലക്കാട്, മണ്ണാർക്കാട് എന്നീ ഡിവിഷനുകളിലെ വാച്ചർ മാരുടെ ഏപ്രിൽ മുതലുള്ള വേതനവും കുടിശ്ശികയുണ്ട്. |
| (ഡി) | ശമ്പള കുടിശ്ശികയുണ്ടെങ്കിൽ കുടിശ്ശിക വരാനുള്ള കാരണം വിശദീകരിക്കുമോ; | (ഡി) | വേതന കുടിശ്ശിക വരാനുള്ള കാരണം ഫണ്ടും ലെറ്റർ ഓഫ് ക്രെഡിറ്റും ലഭിക്കുന്നതിനുള്ള കാലതാമസമാണ്. |

(ഇ) എല്ലാ വിഭാഗം താൽക്കാലിക ജീവനക്കാർക്കും മറ്റ് സ്ഥിരം ജീവനക്കാരെപ്പോലെ മാസാരംഭം നിശ്ചിത തീയതികളിൽ തന്നെ ശമ്പളം കൊടുക്കുന്നത് പരിഗണിക്കുമോ ?

(ഇ) ഫണ്ടും, ലെറ്റർ ഓഫ് ക്രെഡിറ്റും സമയാസമയം ലഭിക്കുകയാണെങ്കിൽ എല്ലാ വിഭാഗം താൽക്കാലിക ജീവനക്കാർക്കും മാസാരംഭത്തിൽ നിശ്ചിത തീയതികളിൽ വേതനം കൊടുക്കാൻ കഴിയും.



**സെക്ഷൻ ഓഫീസർ**